V. റിപ്പോർട്ട് സമർപ്പണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

(ചർച്ച തുടർച്ച)

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇന്നലെ ഡിസെന്റിംഗ് നോട്ടിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ ഈ ബില്ലിനെതിരെ മുടുപടം സൃഷ്ടിക്കുവാനുള്ള ശ്രമം പ്രതിപക്ഷത്തുനിന്ന് നടത്തുകയുണ്ടായി. ഈ ബിൽ കാട്ടിലെ തടി വെട്ടാനുള്ള ബില്ലല്ല. ഈ നിയമഭേദഗതി എന്നുപറയുന്നത് സ്വകാര്യ ഭൂമിയിൽ വച്ചു പിടിപ്പിച്ചിട്ടുള്ള സ്വകാര്യ വ്യക്തികളുടെ തടി വെട്ടാൻ വേണ്ടിയുള്ളതാണ്; അല്ലാതെ ഇതിന് ഫോറസ്റ്റിലെ തടി വെട്ടുമായിട്ട് യാതൊരു ബന്ധവുമില്ല. ഇവിടെ ബഹുമാനപ്പെട്ട കെ. വി. കുഞ്ഞിരാമനും മഞ്ഞളാംകുഴി അലിയും അവരുടെ ഡിസെന്റിംഗ് നോട്ടിലും അവരുടെ പ്രസംഗത്തിലും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ ബിൽ പാസ്സായാൽ കാർഡമം തോട്ടങ്ങളിൽ നിന്നുള്ള മരംവെട്ട് ഇൻഡിസ്ക്രിമിനേറ്റ് ആയിട്ട് നടക്കും എന്നു പറയുകയുണ്ടായി. അതിന് വളരെ വിനയത്തോടുകൂടി എനിക്ക് അവരെ അറിയിക്കാനുള്ളത് 1961-ലെ കാർഡമം ലീസ് റൂളിലെ എഗ്രിമെന്റ് 10 (എ) വായിച്ചാൽ മനസ്സിലാകും. കാർഡമം കൃഷിക്കുവേണ്ടി ഭൂമി വിട്ടുകൊടുക്കുമ്പോൾ ഗവൺമെന്റുമായി ഏർപ്പെടുന്ന എഗ്രിമെന്റിലെ 10 (എ) ക്ലാസ്സിൽ ഗവൺമെന്റിന് ആ വൃക്ഷങ്ങൾ റിസർവ് ചെയ്തിരിക്കുകയാണ്. കാർഡമം തോട്ടങ്ങളിൽ തടിയിൽമേലുള്ള അവകാശം കൃഷിക്കാർക്ക് ഇല്ല. ഇത് വെട്ടാനേ കഴിയില്ല. അപ്പോൾ നിലവിലുള്ള നിയമം വച്ച് കാർഡമം ഭൂമിയിലെ തടിവെട്ടാൻ ഒക്കില്ല എന്നുമാത്രമല്ല, ഈ നിയമത്തിലെ മൂലനിയമം 5-ാം വകുപ്പിൽ തന്നെ ഇപ്പോൾ നിലവിൽ ഒരു നിയമം ഉണ്ട്. The Government may with a view to preserve the tree growth in private forest or in the Cardamom Hills Reserve or in any other areas cultivated with Cardamom by notification in the Gazette direct that no trees standing in any such areas specified in the notification shall be cut. അപ്പോൾ ഏലത്തോട്ടങ്ങളിലെ തടിവെട്ടുന്നതിനെ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ട് നിലവിൽ രണ്ട് നിയമങ്ങൾ ഉണ്ട്. അതുകൊണ്ട് ഇത് പാസ്സായാൽ ഏലത്തോട്ടങ്ങളിലെ തടിവെട്ടും എന്നുപറയുന്നതിനർത്ഥമില്ല. അതിന് നിലവിൽ വേറെ നിയമം ഉണ്ട്. ഡിസെന്റിംഗ് നോട്ടിൽ രണ്ടാമത്തേതായിട്ട് പറഞ്ഞിരിക്കുന്നത് ഈ പത്തിനങ്ങൾ ഒഴിച്ചുള്ള മരങ്ങൾ മാത്രമേ ഒരു ഹെക്ടറിൽ താഴെയുള്ള വീട്ടുവളപ്പിൽ നിന്നും മുറിക്കാവൂ എന്നാണ്. ഇത് ഈ ബില്ലിന്റെ പേരന്റ് ആക്ടിന് വിരുദ്ധമാണ്. പേരന്റ് ആക്ട് വായിച്ചുനോക്കിയാൽ അതിൽ പറഞ്ഞിരിക്കുന്നത് ഒരു ഹെക്ടറിൽ താഴെയുള്ള വീട്ടുവളപ്പിൽ നിൽക്കുന്ന ഏതു മരവും വെട്ടാം; ചന്ദനമരം വരെ വെട്ടാം; ഈ പത്തിനം മരവും വെട്ടാം.

LIBRARY ARCHIVES Kerala Legislative Assembly

പാരന്റ് ആക്ടിൽ അങ്ങനെയാണ്. 1986-ലെ പാരന്റ് ആക്ട് വായിച്ചാൽ വീട്ടുവളപ്പിൽ ഒരു ഹെക്ടറിൽ താഴെയുള്ളവർക്ക് ഏതു മരവും വെട്ടാം. അപ്പോൾ അതൊഴികെയുള്ള മരങ്ങൾ വെട്ടാം എന്നാക്കണമെന്നു പറയുന്നത് പാരന്റ് ആക്ടിന്റെ സ്കീമിന് വിപരീതമാണ്. അതുകൊണ്ട് ഈ ഡിസെന്റിംഗ് നോട്ടിനെ സംബന്ധിച്ചിടത്തോളം അതിന് പ്രസക്തിയില്ല. അത് ആവശ്യമില്ലാത്ത ഒരു ആശങ്കയാണ്. മൂന്നാമതായിട്ട് പട്ടയഭൂമിയിൽ നിന്ന് മുറിക്കുന്ന മരങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിന് പ്രത്യേകം സംവിധാനം ഉണ്ടാകണം. സർ, ഇത് ആവശ്യമില്ല. ഇപ്പോൾ തന്നെ ഈ നിയമം മരം മുറിക്കുന്നതിന് വേണ്ടി മാത്രമേയുള്ളൂ; കൊണ്ടുപോകുന്നതിനെപ്പറ്റിയുള്ള നിയമമല്ല. കൊണ്ടുപോകുന്നതിനെപ്പറ്റി നിലവിൽ ഒരു നിയമമുണ്ട്. ആ നിലവിലുള്ള നിയമം 1975-ലെ കേരളാ ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂളാണ്. ആ റൂളിലെ 4-ാം ചട്ടമനുസരിച്ച് പാസ് കൊടുക്കേണ്ട തടിയുണ്ട്. പാസ് കൊടുക്കേണ്ടാത്ത തടിയുണ്ട്. 61 ഇനങ്ങൾക്ക് പാസ് വേണ്ട, മറ്റുള്ളതിന് പാസ് എടുക്കണം. കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂളിലെ 4-ാം ചട്ടമാണ്, ഇപ്പോൾ തന്നെ നിയമമുണ്ട്. അതും പ്രസക്തമല്ലേ, അതിനെ സംബന്ധിച്ചിടത്തോളം സ്വകാര്യ ഭൂമിയിലെ തടി കൊണ്ടുപോകാൻ പ്രത്യേക സംവിധാനം വേണമെന്ന് പറയേണ്ട കാര്യമില്ല. പ്രത്യേക സംവിധാനം ഈ ബില്ലിൽ ആവശ്യമില്ല. നിലവിൽ വേറെ നിയമമുണ്ട്. ശ്രീ. മത്തായി ചാക്കോയുടെ സംസാരം വയനാട്ടിലെ ജനങ്ങളെ ഒരു പോലെ പ്രീതിപ്പെടുത്തുകയും ഇവരെ ബില്ലിന് എതിരായി വലിയ പ്രതിരോധം സൃഷ്ടിക്കുകയുമാണ്. സർ, വയനാട്ടിൽ അവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാട്ടിയുൾപ്പെടെ എല്ലാ രാഷ്ട്രീയ കക്ഷികളും മരം മുറിക്കാൻ അനുവദിക്കണം എന്നുള്ള നിയമം കൊണ്ടു വരണമെന്ന് സമരം ചെയ്യുകയും നിയമസഭയിൽ വന്ന് ഇതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമത്തെ എതിർക്കുകയും ചെയ്യുന്ന ഒരു ഇരട്ടത്താപ്പ് നയം സങ്കടകരമായിട്ടുള്ള കാര്യമാണ്. അത് ചെയ്യാൻ പാടില്ല, ഒരിക്കലും മുയലിനോടൊത്ത് ഓടുകയും വേട്ടനായയോടൊപ്പം വേട്ടയാടാനും പറ്റില്ല. വയനാട്ടിലെ സ്വകാര്യ വനഭൂമിയിൽ നിന്ന് മരം മുറിക്കാൻ നിയമം കൊണ്ടുവരുമ്പോൾ അയ്യോ ഇവിടുത്തെ മുഴുവൻ ട്രീസ് ഗ്രോത്തിനെയും നശിപ്പിച്ചുകളയുമെന്ന് പറഞ്ഞുകൊണ്ടുള്ള ആശങ്ക ഈ ബില്ലിൽ ഇല്ലാത്തതാണ്; ഇതിന്റെ കണ്ടന്റിൽ ഇല്ലാത്തതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹൈക്കോടതി വിധി വയനാട്ടിലെ ജനങ്ങൾക്ക് പ്രതികൂലമായി മാറിയിട്ടുണ്ട് എന്നുള്ള കാര്യം സി.പി.ഐ.(എം) അംഗീകരിച്ചതാണ്. മാത്രമല്ല അതിന്റെ അടിസ്ഥാനത്തിൽ പാർട്ടി ആവശ്യപ്പെടുന്നത് ചെറുകിടക്കാരെ സഹായിക്കത്തക്ക വിധത്തിൽ നിയമനിർമ്മാണം വേണമെന്നാണ്. ഇത് ചെറുകിടക്കാരെ സഹായിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തിനകത്ത് പറഞ്ഞിട്ടുണ്ടെങ്കിലും വൻകിടക്കാരന് വലിയ തോതിൽ മരം മുറിക്കാനുള്ള അവസരം കിട്ടിയില്ലേ എന്നുള്ള ആശങ്കയാണ് ഞങ്ങൾ പ്രകടിപ്പിക്കുന്നത്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഇല്ലാത്തതു പറയാനാകുമോ. ഒരു ബില്ലിനെ വിമർശിക്കേണ്ടത് ബില്ലിലെ കണ്ടന്റ് വച്ചുകൊണ്ടാണ്. ബില്ലിന്റെ കണ്ടന്റിന് എതിരായിട്ട് സംസാരിച്ചാൽ എങ്ങനെയാണ്? ഇത് 1986-ലെ നിലവിലുള്ള നിയമത്തിന്റെ ഡിഗ്രഡേഷൻ, ആ ഡിഗ്രഡേഷനിലേക്ക് ഞാൻ വരാം. സർ, വയനാട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അവിടെയുള്ള ഒരു പ്രതിസന്ധി പരിഹരിക്കാൻ വേണ്ടി ഒരു നിയമം കൊണ്ടുവന്നപ്പോൾ അതിന്റെ കണ്ടന്റ് നോക്കാതെ, കണ്ടന്റിന് വിപരീതമായി ഇവിടെ സംസാരിച്ചത് ഒരിക്കലും ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഒരു വാക്ക് പറയാനുണ്ട്, നിലവിലുള്ള നിയമം 1986-ലെ 4(1) എടുത്ത് വായിക്കണം. 1986-ലെ 4(1)-ൽ പറയുന്നത് പത്ത് ഇനം മരങ്ങൾ വെട്ടാൻ പാടില്ല. നമ്മുടെ ഭേദഗതിയിൽ എന്താണ്, പത്ത് ഇനം ഒഴിച്ചുള്ളത് വെട്ടാം. രണ്ടും ഒന്നാണ്. നിലവിലുള്ള നിയമം 1986-ൽ പറയുന്നത് പത്ത് ഇനം വെട്ടാം. അതിന്റെ അർത്ഥം മറ്റുള്ളതൊക്കെ വെട്ടാമെന്നാണ്. നമ്മുടെ ഈ ഭേദഗതിയിൽ പറയുന്നത് പത്ത് ഇനം ഒഴിച്ചുള്ളത് വെട്ടാം. രണ്ടിന്റേയും കണ്ടന്റ് ഒന്നാണ്. വാസ്തവത്തിൽ എന്തിനാണ് ഈ ആശങ്ക, തിരിച്ച് ഇട്ടു, എന്നു മാത്രമേയുള്ളൂ. അരിഞ്ഞു പുഴുങ്ങിയാലും ഇടിഞ്ഞു പുഴുങ്ങിയാലും ഒന്നുതന്നെയാണ്. പത്തിനം വെട്ടാൻ പാടില്ല എന്ന് മൂലനിയമം. പത്തിനം ഒഴിച്ചുള്ളത് വെട്ടാമെന്നുള്ളത് ഭേദഗതി നിയമം. വാസ്തവം പറഞ്ഞാൽ ഇതിന് ഒരു ചർച്ചയും ആവശ്യമില്ല. കൈപൊക്കി എല്ലാപേരും കൂടി പാസ്സാക്കേണ്ടതാണ്. ഇവിടെ വന്നത് എന്താണ്? ഹൈക്കോടതിയുടെ ആവശ്യമില്ലാത്ത ഒരു ഒബ്സർവേഷൻ കൊണ്ടുവന്നതാണ്. ഹൈക്കോടതി പറഞ്ഞു. റിട്ടൺ ആയിട്ട് ഒരു ഉത്തരവ് ഒ.പി. കേസിൽ പറഞ്ഞു, ഒറിജിനൽ പെറ്റീഷനകത്ത് ഹൈക്കോടതി പറഞ്ഞു, വെസ്റ്റഡ് ഫോറസ്റ്റിലേയും റിസർവ് ഫോറസ്റ്റിലേയും തടി വെട്ടാൻ പാടില്ല എന്നാണ്; ഉത്തരവ് ഉണ്ട്. വാക്കാൽ പറഞ്ഞു, വയനാട്ടിൽ നിന്ന് ഒരു തടിയും വെട്ടാൻ പാടില്ല. ഈ ഓറൽ ആയിട്ടുള്ള ഹൈക്കോടതിയുടെ ഡയറക്ഷൻ നിലവിലുള്ള നിയമത്തിന് എതിരായിരുന്നു.

മി. സ്പീക്കർ: Is it oral observation binding?

ശ്രീ. കെ. എം. മാണി: It is not at all binding. ഇതിന്റെ അടിസ്ഥാനത്തിൽ വന്നത് എന്താണ്? അവിടത്തെ ജില്ലാ കളക്ടർ, അവിടത്തെ ഉദ്യോഗസ്ഥൻമാർ എല്ലാം ഭയപ്പെട്ടു. തടികൊണ്ടു പോകുന്നത് തടഞ്ഞില്ലായെങ്കിൽ Contempt of Court വരും. സകല ഉദ്യോഗസ്ഥൻമാരും ഹൈക്കോടതിയുടെ Contempt of Court -ന്റെ ഖഡ്ഗത്തിന്റെ കീഴിൽ ഉറച്ചുനിൽക്കുകയാണ്. സ്വകാര്യ വ്യക്തികൾക്ക് തടി വെട്ടാൻ ഒക്കില്ല. ഇത് വന്നപ്പോൾ ഞാൻ നിയമ മന്ത്രിയെന്നുള്ള നിലയിൽ പറഞ്ഞു, വാസ്തവത്തിൽ ഒരു നിയമത്തിന്റേയും ആവശ്യമില്ല. നിലവിലുള്ള നിയമത്തിൽ തന്നെ പത്തിനം ഒഴിച്ചുള്ളത് വെട്ടാം, പിന്നെ ആരു പറഞ്ഞാൽ എന്താണ് എന്ന ഒരു വ്യാഖ്യാനം ഞാൻ എടുത്തതാണ്. പക്ഷേ വയനാട്ടിലെ ആയിരക്കണക്കിന് വരുന്ന ജനങ്ങളുടെ നിത്യജീവിതമാണ്. അവരുടെ പുരയിടത്തിലെ പ്ലാവും മറ്റും വെട്ടാൻ നിവൃത്തിയില്ല. കൊണ്ടുപോകാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ നിയമം കൊണ്ടുവന്നേ തീരൂ. ഈ ക്ലാരിഫിക്കേഷൻ ഒന്നുകൂടി റീ-ഇറ്റനേറ്റ് ചെയ്ത്, ഒന്നുകൂടി ക്ലാരിഫൈ ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു ഭേദഗതി നിയമം മാത്രമേ ഇതിനകത്തുള്ളൂ.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു. ഇവിടെ ചെറുകിട കൃഷിക്കാർക്ക് സഹായകരമാകുന്ന വിധത്തിൽ സ്വന്തം ഭൂമിയിൽ മരം വെട്ടാൻ അനുവദിക്കുന്ന വിധത്തിലാണ് 4(6) ആയി പുതിയ ക്ലാസ് കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഒരു കാര്യം പെടുത്തട്ടെ, എന്തിനാണ് ഭൂമിയുടെ രജിസ്റ്റർ ചെയ്തിട്ടുള്ള കൈവശക്കാരനോ പട്ടയ കൈവശക്കാരനോ എന്നുപറയുന്നത്? സ്വന്തമായി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണമുള്ള കൈവശക്കാരൻ എന്നു മാത്രം പറഞ്ഞാൽ പോരേ. പട്ടയ കൈവശക്കാരൻ എന്നുള്ളത് ഒഴിച്ചുകൂടേ? ഇതിന്റെ മറവിൽ ഏലത്തോട്ടങ്ങളിലെ മരം മുറിക്കാൻ ഇടയാകും.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ പറയുന്നത് Registered holder or Patta holder എന്നാണ്. ആ പട്ടാ ഹോൾഡറിന് ഈ പത്തിന മരങ്ങൾ വെട്ടാൻ അവകാശമുണ്ട്. ഇവിടെ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ പോകുകയാണ്. എന്റെ മണ്ഡലത്തിലെ ആലത്തൂർ എസ്റ്റേറ്റ് കൊടുക്കാൻ തീരുമാനിച്ചതാണ്. അതുവളരെ thick forest ആണ്. ആ അഞ്ച് ഏക്കർ ഭൂമിയിലെ അവകാശം കൊടുത്തിട്ടുണ്ട്. ആദിവാസിക്ക് മരം മുറിക്കാൻ അവസരം കിട്ടും. ആ അവസരം ഉപയോഗിക്കുന്നത് ആദിവാസി ആയിരിക്കുകയില്ല. ആദിവാസികളെ ചൂഷണം ചെയ്യുന്ന മറ്റ് ആളുകൾ ഈ ബില്ലിന്റെ മറവിൽ ആ മരം അവിടെ നിന്ന് കൊണ്ടുപോകും. അതുകൊണ്ട് അതിനാവശ്യമായ സംരക്ഷണം ഈ ബില്ലിൽ ഉണ്ടായില്ലായെങ്കിൽ ആ മരം മുഴുവൻ നശിക്കും.

ശ്രീ. കെ.എം. മാണി: ഭരണകക്ഷിക്കും പ്രതിപക്ഷത്തെപ്പോലെ സ്വതന്ത്രമായി ഈ ബിൽ ചർച്ച ചെയ്യാം. ഇവിടെ യാതൊരു വകഭേദവുമില്ല. സ്വതന്ത്രമായി ചർച്ച ചെയ്യട്ടെ, ഈ ബിൽ നന്നാകട്ടെ, സർ സെക്ഷൻ ബൈ സെക്ഷൻ അമെന്റ് മെന്റിനെപ്പറ്റി ചിന്തിക്കുമ്പോൾ ഇങ്ങനെയുള്ള കാര്യം ചർച്ച ചെയ്യാം. പക്ഷേ ഒരു കാര്യം ശ്രീ. കെ. സി. ജോസഫിനോട് പറയാം. നിലവിലുള്ള നിയമമാണ്, ആദിവാസികൾക്ക് ഭൂമി കൊടുക്കുമ്പോഴും മരം വെട്ടാൻ പാടില്ല, മരം വെട്ടാനുള്ള അവകാശം ഗവൺമെന്റിൽ നിലനിർത്തികൊണ്ടാണ് ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നത്. അല്ലാതെ ഇതിനകത്തൊക്കെ വെറും നിലവിലുള്ള നിയമം പരിശോധിക്കാതെ വെറുതെ ആശങ്കകൾ പറഞ്ഞിട്ട് ഒരു കാര്യവും ഇല്ല. സർ, ഇവിടെ ലാ റിഫോംസിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിച്ചപ്പോൾ പറഞ്ഞു, ലാ റിഫോംസ് കൊണ്ടുവരുന്നു, അതിനകത്ത് എല്ലാ മരങ്ങളും വെട്ടും, എന്ന്. സർ ഈ ലാ റിഫോംസ് കൊണ്ടുവരുന്നത് non-forest ഏരിയായിലാണ്. വൃക്ഷം വച്ചുപിടിപ്പിക്കാനും ട്രീസ് ഗ്രോത്ത് വികസിപ്പിക്കാനും വേണ്ടിയാണ്. അതിന്റെ എസൻസ് എന്നു പറയുന്നത് സ്വന്തം ഭൂമിയിൽ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ വെട്ടാൻ ഒരു വ്യക്തിക്ക് അനുവാദം കൊടുക്കുന്നത് സംബന്ധിച്ചാണ്. അങ്ങനെ കൊടുത്താലേ മരങ്ങൾ വച്ചുപിടിപ്പിക്കുകയുള്ളൂ. ഈ ചന്ദനമൊക്കെ വയ്ക്കാൻ ആരെയും അനുവദിച്ചിട്ടില്ല, . എത്ര ആദായകരമായ വൃക്ഷമാണ് ചന്ദനം. ചന്ദനം നമ്മുടെ ഭൂമിയിൽ വച്ചുപിടിപ്പിക്കട്ടെ, അങ്ങനെ മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള അനുവാദം കൊടുക്കുന്നെങ്കിൽ എല്ലാപേരും അവരുടെ വീട്ടുവളപ്പിൽ മരങ്ങൾ വച്ചുപിടിപ്പിക്കും. അങ്ങനെ വച്ചുപിടിപ്പിച്ചാൽ അത് വെട്ടാനുള്ള അനുവാദവും കൊടുക്കണം. അത് ലാ റിഫോംസിൽ വരുന്നുണ്ട്. പക്ഷേ അതു വരുമ്പോൾ കുറച്ച് സമയമെടുക്കും. ക്യാബിനറ്റ് ഒക്കെ പാസ്സാക്കി, അപ്രൂവൽ കൊടുത്ത് നിയമനിർമ്മാണമായിട്ട് വരുമ്പോൾ അൽപ്പം സമയമെടുക്കും. വയനാട്ടിലെ കൃഷിക്കാർക്ക് ഉണ്ടായിരിക്കുന്ന പ്രതിസന്ധിയിൽ നിന്നും അവരെ രക്ഷിക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഇടക്കാല നിയമമായിട്ടുമാത്രം ഇതിനെ കണ്ടാൽ മതി. അതുകൊണ്ട് ഈ ആശങ്കകൾ എല്ലാം അസ്ഥാനത്താണ്. സ്വകാര്യ ഭൂമിയിൽ നിലവിലുള്ള നിയമമനുസരിച്ച് തടി വെട്ടാൻ കൊടുത്തിരിക്കുന്ന അനുവാദവും അവകാശവും ഒന്നുകൂടി അരക്കിട്ട് ഉറപ്പിച്ച് ഒന്നുകൂടി വ്യാഖ്യാനിക്കണമെന്ന് മാത്രമേ ഈ നിയമത്തിൽ ഉള്ളൂ; വേറെയൊന്നുമില്ല. അതുകൊണ്ട് ഈ നിയമം പെട്ടെന്ന് വലിയ ചർച്ച കൂടാതെ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. എൻ. ഡി. അപ്പച്ചൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഡി. അപ്പച്ചൻ: ഞാൻ പ്രസ് ചെയ്യുന്നില്ല.

Mr. Speaker: The amendment moved by Sri N. D. Appachan is, by leave, withdrawn.

Sri Mathai Chakko, Do you press your amendment?

Sri Mathai Chakko: No.

Mr. Speaker: The amendment moved by Sri Mathai Chakko is, by leave, withdrawn.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ ഭേദഗതി (ബിൽ) പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

Sri T. K. Devakumar: Sir, I move the following amendments:

(109) In sub-section (6) of section 4 of the principal Act, proposed to be inserted by clause 2 for the words "the registered holder or patta holder" substitute the words "the owner".

(125) In sub-section (6) of section 4 of the principal Act, proposed to be inserted by clause 2 for the words "the registered holder or patta holder of any land" the words "the registered holder or patta holder of a total land less than two hectares in extent" shall be substituted.

(131) In sub-section (6) of section 4 of the principal Act, for the words "Standing on such land" substitute the words "standing on such land other than the land coming under private forest or in the Cardamom Hill Reserve or in any other area cultivated with cardamom."

(132) In section 4 (6) after the words "standing on such land" include the following:—

"except the trees standing in Kandal forest, river banks and on the land alloted for landless tribals."

(138) In sub-section (6) of section 4 of the principal Act, for the words "without obtaining a permission under this section" substitute the words "after obtaining permission of the authorised officer."

സർ, ഇത്തിരി കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, വയനാട്ടിലെ ജനങ്ങൾക്കൊപ്പം നിൽക്കുകയും ബിൽ അവതരിപ്പിക്കുന്നതിനെ എതിർക്കുകയും ചെയ്യുകയാണെന്ന്, വയനാട്ടിലെ ജനങ്ങളോടൊപ്പം നിന്നുകൊണ്ടുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം" എന്നതുപോലെയാണ് ഇന്ന് ഈ ബിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ പാവപ്പെട്ട വയനാട്ടിലെ ജനങ്ങളുടെ തടി മുറിക്കണമെന്നു പറഞ്ഞിട്ട് അതിനകത്ത് എന്റെ 109-ാമത്തെ ഭേദഗതി അങ്ങ് അംഗീകരിക്കുമെങ്കിൽ അങ്ങയുടെ ഉദ്ദേശ്യശുദ്ധി അംഗീകരിക്കാൻ കഴിയും. കാരണം ഉടമസ്ഥൻ എന്നത് ഓണർ എന്ന വാക്ക് ആക്കിയാൽ മതി. എന്തിനാണ് പട്ടയക്കാരൻ, ശ്രീ. എം. പി. ഗംഗാധരനും ബഹുമാനപ്പെട്ട മന്ത്രിയും കൂടി പറഞ്ഞതുപോലെ ഞാൻ പറഞ്ഞാൽ ഒക്കുമോ, ഇന്നത്തെ ഭേദഗതി അവതരിപ്പിക്കുമ്പോഴെങ്കിലും ഒരു അവസരം തരണം. ഇത് അംഗീകരിക്കണ്ട, ഞങ്ങൾ ഒന്നുപറഞ്ഞുകൊള്ളട്ടെ, വളരെ ഗൗരവമായിട്ട് ഭൂമിയുടെ ഉടമസ്ഥൻ ആണ് ഉദ്ദേശിക്കുന്നതെങ്കിൽ ഓണർ എന്ന വാക്ക് മതി. പാട്ടക്കാരൻ എന്ന് വേണ്ട, പട്ടയം തട്ടിയെടുത്ത് കൈയിൽ വച്ചിട്ട് കള്ള പട്ടയം ഉണ്ടാക്കുന്നവർ ഭൂമിയിൽ നിൽക്കുന്ന മരം മുറിക്കാനാണ് ശ്രമിക്കുന്നത്. അത് ദുർവിനിയോഗം ചെയ്യാനാണ് പോകുന്നത്. അങ്ങയുടെ ഉദ്ദേശം സദുദ്ദേശപരമാണെങ്കിൽ ഓണർ എന്ന വാക്ക് അവിടെ ചേർക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഈ ഭൂമിയിൽ 125 സബ്സെക്ഷനിൽ ഇതിന്റെ മൂലനിയമത്തിൽ തന്നെ പറയുന്നുണ്ട്. ആ പുസ്തകത്തിനകത്ത് ഒരു ഹെക്ടർ എന്ന് പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് ഈ ഭൂമിക്ക് പരിധി പറഞ്ഞുകൂടാ. രണ്ട് ഹെക്ടർ ആണ് മാക്സിമം എന്ന് പറയാൻ തയ്യാറാകണം എന്നാണ് എന്റെ അഭിപ്രായം. അതാണ് 125-ാമത്തെ ഭേദഗതിയിലൂടെ മൂവ് ചെയ്യുന്നത്. ഭൂമിക്ക് പരിധി ഉണ്ടാകണം. 125-ൽ ഞാൻ പറഞ്ഞത് അതാണ്. 131-ാമത്തെ ഭേദഗതി മൂവ് ചെയ്യുന്നേയുള്ളൂ. ഒരു കാര്യം കൂടി, 132-ാമത്തെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. കണ്ടൽ കാടുകൾ ഒഴിവാക്കണ്ട, നശിക്കാതിരിക്കാൻ സംരക്ഷിക്കപ്പെടണം. പുഴയോരങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടാതിരിക്കാൻ അത് ഈ പത്തിനത്തിൽ വരില്ല. പുഴയോരങ്ങളിൽ നിൽക്കുന്നത് വരില്ല. മറ്റൊന്ന് ആദിവാസി ഭൂമി, ആദിവാസി നേതാക്കൻമാരുടെ പ്രശ്നം ഇവിടെ വന്നില്ലേ, ആദിവാസികൾക്ക് കൊടുക്കുന്ന പട്ടയത്തിൽ ഈ പറഞ്ഞിരിക്കുന്ന 109-ലെ എന്റെ ഭേദഗതി അംഗീകരിക്കുന്നില്ലായെങ്കിൽ ആദിവാസികൾ മറയൂരിൽ ചെന്നപ്പോൾ ഒറ്റ ചന്ദനമരവും ഇല്ലാത്ത കേരളത്തിൽ ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ അവർക്ക് കള്ളും ചാരായവും വാങ്ങിക്കൊടുത്ത്, പത്തുരൂപയും കയ്യിൽ വച്ചു കൊടുത്തിട്ട് കൊള്ളാവുന്ന അച്ചൻമാർ തടിയും വെട്ടിക്കൊണ്ടുപോകുന്ന പണി നടപ്പില്ല; അത്തരത്തിൽ ആയിരിക്കും ഇതു വരുന്നത്. അതുകൊണ്ട് ഈ പാവപ്പെട്ട ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമിയെ ഈ നിയമത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയണം. അതുപോലെതന്നെ ഈ മരം മുറിയ്ക്കുന്നതിന് ഉദ്യോഗസ്ഥൻമാരുടെ അനുമതി വേണ്ട എന്നാണ് പറഞ്ഞിരിക്കുന്നത്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയും വാങ്ങിക്കൊണ്ട് ഈ മരം മുറിക്കണം. കാരണം സർക്കാർ പദ്ധതി അറിഞ്ഞുകൊണ്ടെങ്കിലും മരം മുറിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(111) In sub-section (6) of section 4 of the principal Act, proposed to be inserted by clause 2 for the words "the registered holder" the words "the owner other than mortgage or leasee" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(135) In sub-section (6) of section 4 of the principal Act, proposed to be inserted by clause 2, after the words "standing on such land" the words "or cut or cause to cut any tree standing in the compound having an extent of not exceeding one hectare of any residential building of such owner or patta holder" shall be inserted.

111-ാമത്തെ ഭേദഗതിയിൽ രജിസ്റ്റേർഡ് ഹോൾഡർ എന്നുള്ള സ്ഥാനത്ത് അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള കൈവശക്കാർ എന്നാണ് വരിക. "The owner other than mortgage or leasee" എന്നുകൂടി ചേർക്കണം എന്നുള്ളതാണ്. എന്റെ 135-ാമത്തെ ഭേദഗതി ഒരു പുതിയ ക്ലോസ് കൂടി എഴുതി ചേർക്കണം എന്നുള്ളതാണ്. അതിൽ റെസിഡൻഷൽ കോംപൗണ്ടിൽ ഒരു ഹെക്ടറിൽ താഴെ നിന്നുമുള്ള മരമാണ് മുറിക്കാൻ പറ്റുക എന്ന് വ്യക്തമായി ഒന്നുകൂടി വരാൻ വേണ്ടിയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(112) In section 4 (6) of the principal Act, proposed to be inserted by clause(2), delete the words "or patta holder".

(121) In section 4 (6) of the principal Act, proposed to be inserted by clause (2) insert the words "below one hectare" in between the words "any land" and "shall have the right".

(159) Add the following proviso to sub-section 6 of section (4) of the principal Act, proposed to be inserted by clause 2. "Provided that previous, permission in writing of the authorised officer is to be obtained for transporting of the trees or wood.":

112-ാമത്തെ ഭേദഗതിയിൽ പറയാനുള്ളത്, വയനാട്ടിലെ തോട്ടങ്ങളിൽ ചിലത് ലീസിനാണ്, ചിലത് പാട്ടത്തിനാണ്. പട്ടയം കൈവശമുള്ള തോട്ടമുടമകൾ ഈ വ്യവസ്ഥ വച്ച് മരം മുറിക്കും. 159-ൽ ചെറിയ ഒരു കാര്യം, കടത്തിക്കൊണ്ടുവരുന്ന മരം, വനത്തിൽ നിന്നാണോ, ചെറുകിട കൃഷിക്കാരുടെ സ്ഥലത്തുനിന്നാണോ മുറിച്ചതെന്ന് ജനുവിനായി നമുക്ക് മനസ്സിലാകില്ല. അതുകൊണ്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ വേണ്ടിയാണ് ആതറൈസ്ഡ് ഓഫീസറുടെ സമ്മതം വേണമെന്ന് പറയുന്നത്.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(122) In section 4 (6) of the principal Act, proposed to be inserted in clause 2 between the words "patta holder of any land" and "shall have the right", the following words shall be inserted "not exceeding one hectare."

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(123) In clause 2 substitute the words "the registered holder or patta holder of any land" by the words "the registered title holder of any land under 1.5 hectares."

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ടി. കെ. ദേവകുമാറും ശ്രീ. മഞ്ഞളാം കുഴി അലിയും പറഞ്ഞ കാര്യം തന്നെയാണ്. ലീസിന് ഭൂമി എടുത്തിട്ടുള്ളവർ, അതിനൊക്കെ കള്ളപ്പട്ടയമുണ്ടാക്കിയവരുമുണ്ട്. അവർക്ക് ഇഷ്ടംപോലെ മരംമുറിച്ചുകൊണ്ടുപോകാനുള്ള സൗകര്യമാണ് ചെയ്ത് കൊടുത്തിരിക്കുന്നത്. എന്റെ ഈ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ ഇത് തടസ്സപ്പെടുത്താൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി അത് അംഗീകരിക്കണം.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(124) In sub-section (6) of section 4 of the principal Act, proposed to be inserted by clause 2 add the following words after the words "patta holder of any land", "having the area up to 2 (two) Hectares".

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(126) In Section 4 (6) of the principal Act, proposed to be inserted by clause 2, insert the following words after the words patta holder of any land "having the area up to 2.5 (two and a half) Hectares".

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(127) In Section 4 (6) for the words "of any land" substitute the words "of any land not exceeding three acres in extent".

(137) In Section 4 (6) inserted the words "for own purposes" in between the words "standing on such land" and "without obtaining a permission"

(153) In Section 4 (6) add the following proviso:

"provided that provision of this sub-section shall not be applicable to any land coming under the purview of private forest or in the Cardamom Hill Reserve or in any other areas cultivated with cardamom, tea, coffee and pepper."

(160) After Section 4 (6) of the principal Act proposed to be inserted by clause (2) add the following explanation namely:

Explanation:—The provisions of this sub-section shall not be applicable to any land other than the land comprised in the district of Wayanad.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(128) In Section 4 (6) of the principal Act, proposed to be inserted by clause 2 between the words "holder of any land" and "shall have the right" insert the following:

"Other than those to whom land is assigned by Government in accordance with the law for the time being in force."

LIBRARY ARCHIVES Kerala Legislative Assembly

(134) In section 4 (6) of the principal Act, proposed to be inserted by clause 2, after the words "standing on such land" and before the words "without obtaining", insert the following:—

"which shall not exceed 10 (ten) hectares."

ഇവിടെ ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമി, ഉദാഹരണത്തിന്, 5 ഏക്കർ ഭൂമി കൊടുക്കുമെന്ന് പറഞ്ഞു. എന്റെ മണ്ഡലത്തിലെ ആലക്കോട് എസ്റ്റേറ്റിൽ 1300 ഏക്കർ ഭൂമി കൊടുക്കാൻ പോകുന്നു. തിക്ക് ഫോറസ്റ്റാണ്. ഈ നിയമപ്രകാരം ഇവിടെയുള്ളവർ, Registered Holder or Patta Holder of any land shall have the right to cut or cause to be cut any tree, other than a tree എന്നു പറയുന്നുണ്ട്. എന്റെ ആശങ്ക, ഈ നിയമം പാസ്സായാൽ ആദിവാസികളെ ചൂഷണം ചെയ്യുന്ന മറ്റാളുകൾ ഈ ആനുകൂല്യം പറ്റി മരം മുറിച്ചുകൊണ്ടുപോകുമോ എന്നാണ്. പോകില്ല എന്നുറപ്പുണ്ടെങ്കിൽ ഞാൻ പ്രസ്സ് ചെയ്യുന്നില്ല. എന്റ ആശങ്ക പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(130) In section 4 (6) of the principal Act, proposed to be inserted by clause 2, after the words "any land" insert the words "Not exceeding one hectare", and the following shall be added at the end. "The said right shall be exercised only in the case of trees other than those 10 trees specifed in the schedule."

നേരത്തെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 1986-ലെ നിയമത്തെക്കുറിച്ച് പറഞ്ഞല്ലോ. അതിൽ പരിധി പറയുന്നുണ്ട്.10 മരങ്ങൾ പറയുന്നുണ്ട്. വ്യക്തതയോടുകൂടി പറഞ്ഞില്ലെങ്കിൽ ഇത് വ്യാപകമായി മറ്റ് മരങ്ങൾ മുറിക്കാൻ ഇടവരും. വയനാട്ടിൽ നിന്ന് പലരും ആശങ്കയോടുകൂടി വിളിച്ചുകൊണ്ടിരിക്കുന്നു. വയനാട്ടിനുവേണ്ടി ഞങ്ങളൊക്കെ ശക്തമായിത്തന്നെയാണ് നിലക്കൊള്ളുന്നത്. വയനാട്ടിലെ ചെറുകിട കൃഷിക്കാരുടെ പേരിൽ വയനാട്ടിലെ വൻകിടക്കാർ മരം മുറിച്ചുകടത്തികൊണ്ടുപോകുമെന്ന ഒരു ഭീഷണി ശ്രീ. കെ.സി. ജോസഫ് ഇവിടെ കൊണ്ടുവന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(140) Clause 4 (6) of the principal Act, proposed to be inserted by clause (2) shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any Court, the person who is in possession of the land, not more than 0.8 hectarcs of land as stipulated in Kerala Preservation of Trees Act, 1986 (35 of 1986), by a registered deed or patta in his or her own name, shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section, provided;

(a) that the tree cut shall not be permitted from the land which is taken from the Government for lease or sub lease;

LIBRARY ARCHIVES Kerala Legislative Assembly

(b) or from the land specified by the Government as per "The Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003.

(c) or from the land in the notified area".

(150) The sub-section (6) of section 4 of the principal Act, newly inserted by clause 2 shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any Court, the owner of any land below 1 hectare ,having absolute possession and registered and valid title deed shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section".

140-ൽ 4 (6) ആയി ചേർത്തിരിക്കുന്ന പ്രൊവിഷൻ തന്നെ ശരിയായ വിധത്തിൽ മാറ്റണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഉന്നയിച്ച പാട്ട ഹോൾഡറുടെ പ്രശ്നം തന്നെയാണ് അതിൽ വരുന്നത്. അത് ഒഴിവാക്കിക്കിട്ടണമെങ്കിൽ, ഈ രീതിയിൽ റീ-കാസ്റ്റ് ചെയ്യണം. ഒന്നാമത്, ലീസിനോ സബ് ലീസിനോ കൊടുത്ത ഭൂമിയിൽ നിന്ന് മരം മുറിച്ചുകൂടാ. റവന്യൂ വകുപ്പിന്റെ ഭൂമി തോട്ടങ്ങൾ നടത്താൻ വേണ്ടി, ലീസിനോ, സബ് ലീസിനോ കൊടുത്തതിൽനിന്നും ഒരു കാരണവശാലും മരം മുറിക്കാൻ പാടില്ല. രണ്ടാമത്, ഈ നിയമസഭ പാസ്സാക്കിയ പരിസ്ഥിതി നിയമമനുസരിച്ച് ശാസ്ത്രപരമായി ദുർബലപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിലുള്ള മരം മുറിക്കാൻ പാടില്ല. അതോടൊപ്പം നോട്ടിഫൈഡ് ഏരിയായിൽ നിന്നും മരം മുറിക്കാൻ പാടില്ല എന്ന് വ്യക്തമായി പറയുന്നില്ലെങ്കിൽ ഇത് ദുരുപയോഗം ചെയ്യും. പാട്ട ഹോൾഡർ എന്ന് പറയുന്നത് പ്രശ്നമുണ്ടാക്കുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്ററോട്, ഇടയ്ക്കിടയ്ക്ക് വയനാട്ടിൽ പോകുകയും അവിടത്തെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അവിടെ ഇത് എങ്ങനെയാണ് വരിക എന്ന് ചോദിച്ചാൽ, അവിടത്തെ ഏലത്തോട്ടങ്ങളിൽ മരമുണ്ട്. ഏലത്തോട്ടങ്ങളിൽ നിന്നും ഒരു കാരണവശാലും മരം മുറിക്കാൻ പാടില്ല. അവിടെ ഷെയ്ഡ് ആവശ്യമുള്ളതാണ്. പാട്ട ഹോൾഡറിന് നമ്മൾ അനുവദിച്ചുകൊടുത്താൽ ഇപ്പോൾത്തന്നെ റവന്യൂ ഭൂമിക്ക് പട്ടയം കൈവശപ്പെടുത്തിയിട്ടുണ്ട്. ഇത് ദുരുപയോഗപ്പെടുത്താൻ ഇടവരും. അതുകൊണ്ട് പാട്ട ഹോൾഡർ എന്നുള്ളത് ഇതിൽനിന്നും മാറ്റണം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ആയിരക്കണക്കിനേക്കർ ഏലത്തോട്ടമുണ്ട്. ഏലത്തോട്ടത്തിൽ നിന്ന് മരം മുറിക്കാൻ പാടില്ല എന്നു തന്നെയാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ: സർ, ഏലത്തോട്ടത്തിൽ നിന്ന് മരം മുറിക്കാൻ പാടില്ല എന്ന ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എല്ലാപേരും അതിനോട് യോജിക്കും.

മി. സ്പീക്കർ: അതിന് പ്രൊവിഷനുണ്ടെന്നാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, അതിലെ പ്രശ്നം പാട്ട ഹോൾഡർ എന്ന് പറഞ്ഞിട്ട് ഈ നിയമത്തിൽ കൊണ്ടുവന്നാൽ പട്ടയം കൈക്കലാക്കും. എന്നിട്ട് ഏലത്തോട്ടമുള്ളവർ മരം മുറിക്കും. അതുകൊണ്ട് അത് ഒഴിവാക്കണമെന്നുള്ളതാണ് ഞങ്ങളുടെ സദുദ്ദേശം. മറ്റൊരു ദുരുദ്ദേശവുമില്ല. അതുകൊണ്ട് ഈ നിയമം നല്ല രീതിയിൽ, വയനാട്ടിലെ ചെറുകിട കർഷകർക്ക് പ്രയോജനകരമായ രീതിയിൽ പരിമിതപ്പെടണം. ഇത് പരിഹരിക്കത്തക്കവിധത്തിൽ കാര്യങ്ങൾ മാറണം.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(141) The new sub-section (6) to section 4 of the principal Act, proposed to be inserted by clause (2) shall be recast as follows:

"Notwithstanding anything contained in this section or in any judgement, decree or order of any Court, the registered holder in possession and enjoyment of any land shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2, standing on such land without obtaining a permission under this section."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(142) Section 4 (6) of the principal Act, proposed to be inserted by clause 2 shall be recast as follows:

"(6) Notwithstanding anything contained in this section in any judgement/ decree from any court, the patta holder of the land shall have the right to cut or cause to be cut any trees, other than trees as defined in clause (e) of section 2, standing on such land without obtaining permission under this section".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(143) The new sub-section (6) to section 4 of the principal Act proposed to be inserted by clause 2 shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any Court, the registered holder or patta holder of up to one hectare of land and except the land coming under plantations of cash crops shall have the right to cut or cause to be cut trees that are planted and grown by them, other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section".

(144) The new sub-section (6) to seetion 4 of the principal Act proposed to be inserted by clause 2, shall be recast as follows:

LIBRARY ARCHIVES Kerala Legislative Assembly

"(6) Notwithstanding anything contained in this section or in any judgement, decree or order of any Court, the registered holder or patta holder of up to one hectare of land shall have the right to cut or cause to be cut trees only planted and grown by them, other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section."

(145) The new sub-section (6) to section 4 of the principal Act proposed to be inserted by clause 2, shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any court, the registered holder or patta holder of up to one hectare of land in Wayanad District shall have the right to cut or cause to be cut only trees that are planted and grown by them, other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section".

(146) The new sub-section (6) to section 4 of the principal Act proposed to be inserted by clause 2 shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any court, the registered holder or patta holder of up to one hectare of land and except the land coming under plantations of cash crops, in Wayanad District shall have the right to cut or cause to be cut only trees that are planted and grown by them other than a tree as defined in clause (e) of section 2, standing on such land, without obtaining a permission under this section".

സർ, എന്റെ രണ്ടാം വകുപ്പിലുള്ള 143, 144 എന്നീ നമ്പർ ഭേദഗതികൾ ഏകദേശം ഒരേ തരത്തിലുള്ളവയാണ്. അതുപോലെതന്നെ 145-ഉം 146-ഉം നമ്പർ ഭേദഗതികളും സമാന ഗതിയിലുള്ളതാണ്. അതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, ഒരു ഹെക്ടറിൽ താഴെ ഭൂമി ഉള്ളവർക്കുമാത്രമേ ഇത്തരത്തിൽ മരം മുറിക്കാൻ അനുമതി കൊടുക്കാവൂ. അതാണ് ഭേദഗതി 143-ഉം 144-ഉം കൊണ്ട് ഉദ്ദേശിക്കുന്നത്. 145-ഉം 146-ഉം ഉദ്ദേശിക്കുന്നത്, വയനാട് ജില്ലയിലാണ് പ്രശ്നം വന്നത്. ആ സ്ഥിതിക്ക് വയനാട് ജില്ലയിൽ മാത്രം അനുവദിക്കത്തക്ക ഒരു ഭേദഗതി മാത്രമേ ഇപ്പോൾ ആവശ്യമുള്ളൂ. സംസ്ഥാനത്താകെ ബാധകമാക്കണമെന്ന കാര്യമില്ല. വയനാട്ടിലെ ഇടത്തരക്കാരായ കൃഷിക്കാരെ സഹായിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: അപ്പോൾ ബാക്കിയുള്ള സ്ഥലങ്ങളിലുള്ള പുരയിടത്തിലുള്ള മരം മുറിച്ചുകൂടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുറിക്കാം. മറ്റ് സ്ഥലങ്ങളിൽ വിലക്കില്ല. അത് ഹൈക്കോടതി ഇൻവാലിഡാക്കി. സംഭവിച്ചത് വയനാട് ജില്ലയിൽ നിയന്ത്രണം കൊണ്ടുവന്നു. കണ്ണൂർ ജില്ലയിൽ മുറിക്കാം. നെടുമ്പവയൽ വരെ മുറിക്കാം. അവിടെ നിന്ന് കയറിക്കഴിഞ്ഞാൽ പിന്നെ മുറിക്കാൻ പാടില്ല. കോഴിക്കോട് ജില്ലയിൽ മുറിക്കാം. ഹൈക്കോർട്ടിൽ നിന്ന് ഉണ്ടായിട്ടുള്ള വിധി മറികടക്കാൻ ഇത്തരത്തിലുള്ള ഒരു നിയമം മതി എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(147) Sub-section (6) of section 4 of the principal Act proposed to be inserted by clause 2, shall be recast as follows:

"(6) Notwithstanding anything contained in this section or any judgement, decree or order of any court, the registered holder in possession and enjoyment of any land up to an extent of one hectare shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2, standing on such land without obtaining a permission under this section".

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(149) Section 4 (6) shall be recast as follows:

"(6) Notwithstanding anything contained in this section or in any judgement, decree or order of any court, the registered holder upto one hectare of land except plantations shall have the right to cut or cause to be cut any tree, other than a tree as defined in clause (e) of section 2, standing on such land without obtaining a permission under this section".

(152) Add the following proviso to sub-section (6) of section 4 newly inserted by clause 2.

"Provided that previous permission in writing of the authorised office is to be obtained for transporting of the trees or wood".

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(151) Add the following proviso to sub-section (6) lof section 4 of thc principal Act newly inserted by clause 2:

"Provided that provision of this sub-section shall not be applied to the transporting of any tree or wood through any forest area".

ഇവിടെ സെക്ഷൻ 4-ൽ സബ് സെക്ഷൻ 6-ന് ഞാനൊരു പുതിയ കൂട്ടിച്ചേർക്കൽ നടത്തുകയാണ്. ഇവിടെ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞതുപോലെ ഏലക്കാടുകളിലെ മരം മുറിക്കുന്നതിൽ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. അതിന് നിലവിൽ നിയമമുണ്ടെന്ന് പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട നിയമമന്ത്രി കൊണ്ടുവരുന്ന Law Reforms Committee-യുടെ പുതിയ ഒരു ബില്ലുണ്ട് Land Use Bill. ആ Land Use Bill-ൽ ഏലക്കാടുകളിലെ മരം മുറിക്കുന്നതിന് നിലവിലുള്ള ലാൻഡ് യൂസ് ഓർഡറുണ്ടല്ലോ? ഏലക്കാടുകളിലെ മരം മുറിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള നിലവിലുള്ള ലാൻഡ് യൂസ് ഓർഡർ റദ്ദാക്കിക്കൊണ്ടാണ് ഈ നിർദ്ദിഷ്ട നിയമ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശയനുസരിച്ചുള്ള ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്പോൾ അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട നിയമമന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ആശങ്കയുണ്ട്; സംശയമുണ്ട്. ഇത് മരം

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കാൻ ഇടയാക്കുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ട്. അതുകൊണ്ടാണ് എന്റെ ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നത്. ഇവിടെ ഈ ഫോറസ്റ്റ് ഏരിയകളിലൂടെ മുറിക്കുന്ന ഇത്തരം മരം കടത്തിക്കൊണ്ടുപോകുന്നത് തടയാൻ വേണ്ടിയുള്ള ഒരു വകുപ്പ് ചേർക്കണമെന്നതാണ് എന്റെ ഭേദഗതിക്ക് അടിസ്ഥാനം.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(155) After section 4 (6) of the principal Act, proposed to be inserted by clause 2 the following proviso shall be added:

"Provided that trees other than those mentioned in clause (e) of Section 2 shall be cut if the extent of land in which the tree stands is two hectares or less".

ഇത് മൂവ് ചെയ്യുന്നതോടൊപ്പം തന്നെ ശ്രീ. കെ. സി. ജോസഫും ശ്രീ. എം. വി. ജയരാജനും ശ്രീ. പി ജയരാജനും സൂചിപ്പിച്ചതുപോലെ ഇത്ര ഏക്കർ സ്ഥലം ഉള്ളവർക്ക് മാത്രമേ മരം മുറിക്കാവൂ എന്നൊരു നിബന്ധന വയ്ക്കണം.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(129) In section 4 (6) of the principal Act, proposed to be inserted by clause 2 delete the words "other than a tree as defined in clause (e) of section 2".

(154) After section 4 (6) of the principal Act, proposed to be inserted by clause 2 add the following proviso at the end:

"Provided that if there is reason to believe that a tree mentioned in clause (e) of section 2 may cause danger to person or property the registered holder or the patta holder of the land on which such tree stands shall have the right to cut it after giving notice to the Village Officer under whose jurisdiction such land is situated".

ഞാനൊരു വാക്ക് പറയുകയാണ്. അപകടകരമായ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ, ഇപ്പോൾ വീടിന്റെ തൊട്ടടുത്ത് നിൽക്കുന്ന മരങ്ങൾ വീട്ടിലേക്ക് വീണ് നഷ്ടം സംഭവിക്കുകയോ ആളുകൾക്ക് എന്തെങ്കിലും അപകടം സംഭവിക്കുകയോ ചെയ്യുന്ന മരങ്ങൾ വില്ലേജ് ആഫീസറുടെ പെർമിഷൻ വാങ്ങിക്കൊണ്ട് മുറിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മരങ്ങൾ മുറിക്കാനുള്ള അവകാശം ഉണ്ടായാൽ മതി. അതോടൊപ്പം തന്നെ ഇവിടെ ഏലത്തോട്ടത്തിൽ മരം മുറിക്കുന്ന പ്രശ്നം പറഞ്ഞു. ഏലത്തോട്ടം സെക്ഷൻ 5-ന്റെ ഏരിയയാണ്. അത് നോട്ടിഫൈഡ് ഏരിയയിൽപ്പെടുന്നതാണ്. അത് ആർക്കും മുറിക്കാൻ കഴിയില്ല. ഇപ്പോൾ തന്നെ നിയമുണ്ട്. ഒരു കാരണവശാലും ഏലത്തോട്ടത്തിൽ നിന്ന് മരം മുറിച്ചുകൊണ്ട് പോകാൻ കഴിയില്ല. അതിന്റെ പേര് പറഞ്ഞുകൊണ്ട് ഈ ബിൽ നിയമമാക്കുന്നതിന് തടസ്സം നിൽക്കുന്നത് ശരിയല്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഇവിടെ ഇല്ലാത്ത ആശങ്ക ഉണ്ടാക്കുകയാണ്. ഇവിടെ കാർഡമം കൾട്ടിവേഷന്റെ റൂൾസ്, കാർഡമം റൂൾസിലെ എഗ്രിമെന്റ് 10 (എ) The Government reserve to themselves the right to all trees, their branches and roots which exist at the time of the grant as well as those which may grow subsequently on the lands granted ....." ഏലകൃഷിക്ക് വേണ്ടി എവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കൊടുത്തോ അവിടെ തടിവെട്ടാൻ സാധിക്കുകയില്ല. കാർഡമം റൂളനുസരിച്ച് വൃക്ഷം ഗവൺമെന്റിന്റെയാണ്. അത് വെട്ടാൻ സാധിക്കില്ല. വൃക്ഷത്തിൻമേൽ അവകാശം നിലനിർത്തിക്കൊണ്ട് ഭൂമിക്ക് പട്ടയം കൊടുക്കും. അതിന് വിഷമമില്ല. ഇവിടെ മൂലനിയമത്തിലെ 5-ാം വകുപ്പിൽ ഏലത്തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം തടിവെട്ടാൻ അനുവാദമില്ല. ഗവൺമെന്റിന് നോട്ടിഫൈ ചെയ്യാം. അത് മൂലനിയമത്തിലുണ്ട്. അതുകൊണ്ട് അത് സംബന്ധിച്ചല്ല. അതിന് ഞാൻ ഭേദഗതിയേ കൊണ്ടുവന്നിട്ടില്ല. 5-ാം വകുപ്പിന് ഇവിടെ ഭേദഗതിയേ കൊണ്ടുവന്നിട്ടില്ല. 4-ാം വകുപ്പിനാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നത്. അപ്പോൾ നിലവിലുള്ള കാർഡമം റൂൾസിനെ സംബന്ധിച്ചുള്ള നിയമവും മൂലനിയമത്തിലെ 5-ാം വകുപ്പിലുള്ള റെസ്ട്രിക്ഷനും ഇവിടെ നിലനിൽക്കുകയാണ്. അവിടെ ഏലത്തോട്ടത്തിൽ തടിവെട്ടാൻ സാധിക്കില്ല. 4-ാം വകുപ്പിൽ.....(ബഹളം).....ബഹളം വച്ചിട്ട് കാര്യമില്ല. നിയമം നിയമമല്ലാതെ മാറില്ലല്ലോ?..... .....(ബഹളം)..... ഇവിടെ ആധികാരികരേഖ വച്ചുകൊണ്ടാണ് പറയുന്നത്. ഇവിടെ വേറൊരു കാര്യം .....(ബഹളം).....

മി. സ്പീക്കർ: ഇല്ല..... ഇല്ല..... No.....No.....

ശ്രീ. കെ. എം. മാണി: ഞാൻ പറയട്ടെ, ഇതിനിടയ്ക്ക് കയറി പറഞ്ഞിട്ട് കാര്യമുണ്ടോ? .....(ബഹളം).....അമെന്റ്മെന്റിനെ സംബന്ധിച്ചിടത്തോളം .....(ബഹളം)..... എനിക്കത് സ്വീകാര്യമല്ല. അമെന്റ്മെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറയുകയുണ്ടായി. അതുപോലെതന്നെ ശ്രീ. കെ.സി. ജോസഫ് പറയുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ, ഇത് registered holder or patta holder എന്നാണ്. വാസ്തവം പറഞ്ഞാൽ patta holder എന്ന് പറഞ്ഞതുകൊണ്ട് തെറ്റില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ അമെന്റ്മെന്റ് സ്വീകരിക്കുകയാണെങ്കിൽ ഗവൺമെന്റിന്റെ സദുദ്ദേശം ഞങ്ങൾ പരസ്യമായി അംഗീകരിക്കുമെന്ന് പറഞ്ഞു. ആവശ്യമില്ലെങ്കിലും ശ്രീ. ദേവകുമാർ പറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ 109-ാം നമ്പർ അമെന്റ്മെന്റ് സ്വീകരിക്കുകയാണ്. patta holder വേണ്ട, owner എന്നുള്ള വാക്ക് മതി. സംശയം മുഴുവൻ ദുരീകരിച്ചിരിക്കുന്നു. ഗവൺമെന്റിന്റെ bona fide സ്ഥാപിച്ചിരിക്കുന്നു. നമുക്കിനി ചർച്ചയിലേയ്ക്ക് പോകേണ്ട കാര്യമില്ല. ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 109-ാം നമ്പർ അമെന്റ്മെന്റ് സ്വീകാര്യമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 143, 145 എന്നീ നമ്പർ ഭേദഗതികൾക്കും ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—32

1. ശ്രീ. മഞ്ഞളാംകുഴി അലി
2. „ എ. എ. അസീസ്
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ടി. കെ. ബാലൻ
6. „ ബിനോയ് വിശ്വം
7. „ വി. കെ. ചന്ദ്രൻ
8. „ വി. ചെന്താമരാക്ഷൻ
9. „ ടി. കെ. ദേവകുമാർ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. „ എം. വി. ജയരാജൻ
13. „ പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. എം. കുമാരൻ
16. „ കെ. വി. കുഞ്ഞിരാമൻ
17. „ കോവൂർ കുഞ്ഞുമോൻ
18. „ വി. കെ. സി. മമ്മത് കോയ
19. „ മത്തായി ചാക്കോ
20. „ കെ. പി. മോഹനൻ
21. „ സി. കെ. നാണു
22. „ പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. „ കെ. പി. രാജേന്ദ്രൻ
26. „ രാജു എബ്രഹാം
27. „ ടി. പി. രാമകൃഷ്ണൻ
28. „ സാജു പോൾ
29. „ എ. സി. ഷൺമുഖദാസ്
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ശ്രീ. പി. എസ്. സുപാൽ
32. ഡോ. തോമസ് ഐസക്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —59

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, ശ്രീ. എ. കെ. ആന്റണി
5. ,, എൻ. ഡി അപ്പച്ചൻ
6. ,, കെ. ബാബു
7. ,, വി. ബാലറാം
8. ,, ടി. വി. ചന്ദ്രമോഹൻ
9. ,, കെ. എ. ചന്ദ്രൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, കെ. ബി. ഗണേഷ് കുമാർ
12. ,, എം. പി. ഗംഗാധരൻ
13. ,, ടി. എം. ജേക്കബ്
14. ,, ജോണി നെല്ലൂർ
15. ,, കെ. സി. ജോസഫ്
16. ,, പി. ജെ. ജോയി
17. ,, വർക്കല കഹാർ
18. ,, ജി. കാർത്തികേയൻ
19. ഡോ. എം. എ. കുട്ടപ്പൻ
20. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
21. ,, ലൂഡി ലൂയിസ്
22. ,, സി. മമ്മൂട്ടി
23. ,, കെ. എം. മാണി
24. ,, ഇ. ടി. മുഹമ്മദ് ബഷീർ
25. ,, എ. കെ. മണി
26. ,, സി. പി. മുഹമ്മദ്
27. ,, എം. കെ. മുനീർ
28. ,, എം. മുരളി
29. പ്രൊഫ. എ. ഡി. മുസ്തഫ
30. ശ്രീ. കെ. നാരായണക്കുറുപ്പ്
31. ,, എഴുകോൺ നാരായണൻ
32. ,, ഉമ്മൻചാണ്ടി
33. ,, എം. കെ. പോൾസൺ മാസ്റ്റർ
34. ,, വി. ജെ. പൗലോസ്
35. ,, ടി. എൻ. പ്രതാപൻ
36. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. ടി. യു. രാധാകൃഷ്ണൻ
38. ശ്രീമതി രാധാരാഘവൻ
39. ശ്രീ. എ. എൻ. രാജൻ ബാബു
40. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
41. ,, തേറമ്പിൽ രാമകൃഷ്ണൻ
42. ,, തമ്പാനൂർ രവി
43. ,, റോഷി അഗസ്റ്റിൻ
44. ,, ടി.പി.എം. സാഹിർ
45. ,, കെ. ശങ്കരനാരായണൻ
46. ശ്രീമതി മാലേത്ത് സരളാദേവി
47. ശ്രീ. വി. ഡി. സതീശൻ
48. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
49. ശ്രീ. ഷിബു ബേബിജോൺ
50. ശ്രീമതി ശോഭനാ ജോർജ്
51. ശ്രീ. സ്റ്റീഫൻ ജോർജ്
52. ,, കെ. സുധാകരൻ
53. ,, ഡി. സുഗതൻ
54. ,, എൻ. സുന്ദരൻ നാടാർ
55. ,, സി. എഫ്. തോമസ്
56. പ്രൊഫ. കെ. വി. തോമസ്
57. ,, തോമസ് ഉണ്ണിയാടൻ
58. ,, എം. എ. വാഹീദ്
59. ,, കെ. പി. വിശ്വനാഥൻ.

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 32

പ്രതികൂലിക്കുന്നവർ — 59

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചുവെന്ന് പറഞ്ഞ ഭേദഗതി ഒന്നുകൂടി വ്യക്തമാക്കണം. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് പാസ്സാക്കിയല്ലോ, ബഹുമാനപ്പെട്ട മന്ത്രി അത് അംഗീകരിച്ചു കഴിഞ്ഞു. ഇനി എന്താണ് വേണ്ടത്?

.....(ബഹളം).....

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 125, 131, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 111, 135 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

Dispose the amendments as in the order of amendments moved.

Sri Manjalamkuzhi Ali.
,, P. Narayanan
,, K. Radhakrishnan
,, P. S. Supal
,, Binoy Viswam
,, A. K. Balan
,, K. C. Joseph
,, K. P. Rajendran
,, M. V. Jayarajan
,, A. A. Azeez
,, M. A. Vaheed
,, Kodiyeri Balakrishnan
,, Kovoor Kunjumon
,, K. V. Kunhiraman
,, P. Jayarajan
,, N. D. Appachan
,, K. P. Mohanan

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 128, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 112, 121, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 127, 137, 153, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 140, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 144, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 149, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഡി. അപ്പച്ചൻ അവതരിപ്പിച്ച 129, 154 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(96) The title of the Bill shall be amended as follows:

"THE KERALA PRESERVATION OF TREES (PERMITTING INDISCRIMINATE FELLING OF TIMBER WEALTH BY LOGGERS) BILL, 2003."

(97) The title of the Bill shall be amended as follows:

"THE KERALA PRESERVATION OF TREES (ALLOWING UNLIMITED PLUNDER OF TIMBER WEALTH) BILL, 2003."

(98) In the preamble for the words "for the purpose hereinafter appearing;" substitute the words "for allowing unlimited plunder of timber wealth;"

(101) Clause 1 shall be recast as follows:

"1. *Short title and commencement.*—(1) This Act may be called the Kerala Preservation of Trees (Allowing Unlimited Plunder of Timber Wealth) Act, 2003."

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഞാൻ നിർദ്ദേശിക്കുന്നത്, ഈ ശീർഷകത്തിൽ ഒരു മാറ്റം വരുത്തണം. The Kerala Preservation of Trees Permitting അല്ലെങ്കിൽ Allowing Unlimited Plunder of Timber Wealth Bill എന്നാക്കി മാറ്റണം. ഇതനുസരിച്ചുള്ളതാണ് എന്റെ മറ്റൊരു ഭേദഗതി. നേരത്തെ 109-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചുവെന്ന് പറഞ്ഞല്ലോ. അത് കുറച്ചുകൂടി വിശദമായി പരിശോധിക്കണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കുന്നത് നല്ലതാണ്. ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച ഒരു ഭേദഗതിയാണ്. അതിനേക്കാൾ നല്ലത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കേണ്ടത് ശ്രീ. മഞ്ഞളാംകുഴി അലിയുടേതായിരുന്നു. ഇതിപ്പോൾ അംഗീകരിച്ചതോടുകൂടി എന്തായി എന്ന് അറിയാമോ? ഓണർ എന്നുപറഞ്ഞ് ഇഷ്ടം പോലെ മരം മുറിക്കാം. ബഹുമാനപ്പെട്ട മന്ത്രി അതിനേക്കാൾ നല്ല ഭേദഗതി മാറ്റിവച്ച് ഇത് അംഗീകരിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രിയോട് അതൊന്ന് പരിശോധിക്കാൻ വേണ്ടി പറയുകയാണ്.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ അപ്പോൾ ചതിക്കുകയാണോ ചെയ്തത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതല്ല, ഭേദഗതികൾ പല വിധത്തിൽ വരും. അതിൽ ഏറ്റവും നല്ലത്, ഫലപ്രദമായതാണ് എടുക്കേണ്ടത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് ആലോചന നടത്തുന്നത് നല്ലതാണ്. മരം മുറി വ്യാപകമാകുന്നത് സംബന്ധിച്ചുള്ള ഒരു ആശങ്കയാണ് ഇതിനകത്തുള്ളത്. അത് ദുരീകരിക്കത്തക്ക വിധത്തിലുള്ള ഒരു ഭേദഗതിയാണ് ശ്രീ. ടി. കെ. ദേവകുമാറും ശ്രീ. മഞ്ഞളാംകുഴി അലിയും കൊടുത്തത്. നിയമത്തിൽ കൂടുതൽ വ്യക്തതവരത്തക്കവിധത്തിലുള്ള ഭേദഗതിയായിരുന്നു അംഗീകരിക്കേണ്ടിയിരിക്കുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(99) In the preamble for the words "to amend" the words "further to amend" shall be substituted.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(103) Clause 1(2) shall be recast as follows:

"It shall come into force on such date as the Government may by notification in the gazette, appoint."

ഒരു സാവകാശവുമില്ലാതെ മാണി സാർ പറഞ്ഞുപോവുകയാണ്. ഇത് പാസ്സാക്കിയാൽ നാളെത്തൊട്ട് മരം മുറിക്കും. ഇതിനുവേണ്ടി അവർ കാത്തിരിക്കുകയാണ്. വയനാട്ടിലെ മരം മുഴുവൻ മുറിച്ചുമാറ്റാൻ, അങ്ങനെയൊരു നിയമം ഈ സഭയിൽ പാസ്സാക്കിപോകരുത്.

മി. സ്പീക്കർ: You come to the Amendment, yes.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച വിവരങ്ങൾ, അത് വേഗത്തിൽ പോകരുത്.

മി. സ്പീക്കർ: വേഗത്തിൽ പോവുകയല്ല, നിങ്ങൾ 103-ാം നമ്പർ അമെന്റ് മെന്റിനെ കുറിച്ച് പറയുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇന്ന് ഉച്ചകഴിഞ്ഞാൽ വയനാട്ടിൽ മരം മുറിക്കും. അവർ അതിനായി കാത്തുനിൽക്കുകയാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ 103-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നുണ്ടോ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 103-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു സർ. ഇതിനുവേണ്ട സാവകാശം വേണം.....

മി. സ്പീക്കർ: സാവകാശത്തിലല്ലേ പോകുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇതിലെ വ്യവസ്ഥകൾക്ക് വ്യക്തമായി അനധികൃതമായ മരം മുറി തടയാനുള്ള സാവകാശം വേണം. അതില്ലാതെ ഇതിവിടെ പാസ്സാക്കിയെടുത്താൽ ഇന്ന് ഉച്ചക്കഴിഞ്ഞാൽ വയനാട് മുഴുവൻ വെട്ടിവെളുപ്പിക്കാൻ ഈ നിയമസഭ.....

മി. സ്പീക്കർ: എന്തൊക്കെയാണ് ഈ പറയുന്നത്.

ശ്രീ. എം. വി ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(106) Clause 1(2) shall be recast as follows:

"(2) It shall come into force on the date as and when it is passed by the Kerala Legislative Assembly."

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പ്രതിപക്ഷം ഇതുപോലെ കൂട്ടിക്കരണം മറിയുമെന്ന് ഞാൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. വയനാട്ടിലെ കൃഷിക്കാർക്ക് മരം മുറിയാണ് ആവശ്യം. ഈ നിയമം പാസ്സായാൽ ഇന്ന് ഉച്ചമുതൽ ഗവർണ്ണർ ഒപ്പ് വച്ചാൽ അടുത്ത നിമിഷം മുതൽ വയനാട്ടിലെ സ്വകാര്യഭൂമിയിൽ കൃഷിക്കാർക്ക് മരം മുറിക്കാം അതിനുവേണ്ടിയാണ് ഈ നിയമം. അതുകൊണ്ട് സമരം ചെയ്യുകയും ഇവിടെ വന്ന് ഈ രീതിയിൽ പ്രസംഗിക്കുകയും ചെയ്യുന്നത് തെറ്റാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ശീർഷകം മാറ്റണമെന്നു പറഞ്ഞു. അത് പറ്റില്ല. കാരണം മൂലനിയമത്തിലെ പേരാണ് സ്വീകരിക്കേണ്ടത്. അതിന്റെ അമെന്റ്മെന്റ് വച്ചാണ് സ്വീകരിക്കേണ്ടത്. ഇങ്ങനെയൊന്നും പറയരുത്. Unkindest cut off നമ്മുടെ മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. ടി. കെ. ദേവകുമാറിന്റെ അമെന്റ്മെന്റ് സ്വീകരിച്ചു. ഞാൻ വിശാല മനസ്കതയോടെ അത് സ്വീകരിച്ചു. ഇപ്പോൾ ശ്രീ. ടി. കെ. ദേവകുമാറിനെ തള്ളി പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സമീപനം വളരെ തെറ്റാണ്. ഇതൊക്കെ എന്തൊരു നയമാണ്. ഇപ്പോൾ എന്ത് ചെയ്താലും, ഇപ്പോൾ ഞാൻ അത് സ്വീകരിച്ചാൽ നാളെപ്പറയും അത് തെറ്റാണ്. മാർക്സിസ്റ്റ് പാർട്ടി ഇങ്ങനെയൊരു നിലപാട് എടുക്കരുത്. അത് മാജ്യസ്നേഹപരമല്ല. അതുകൊണ്ട് ക്ഷമിക്കണം, വേദനകൊണ്ട് പറഞ്ഞതാണ്. അതുകൊണ്ട് ഈ നിലപാട് ഒരിക്കലും ശരിയല്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 96, 97, 98, 101 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—31

1. Sri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Devakumar
10. Smt. Girija Surendran
11. Sri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan
14. Dr. K. C. Joseph
15. Sri M. Kumaran
16. ,, K. V. Kunhiraman
17. ,, V. K. C. Mammathu Koya
18. ,, Mathai Chacko
19. ,, K. P. Mohanan
20. ,, C. K. Nanu
21. ,, P. Narayanan
22. Dr. A. Neelalohithadasan Nadar
23. Sri K. Radhakrishnan
24. ,, K. P. Rajendran
25. ,, Raju Abraham
26. ,, T. P. Ramakrishnan

LIBRARY ARCHIVES Kerala Legislative Assembly

27. Sri Saju Paul
28. ,, A. C. Shanmughadas
29. Smt. P. K. Sreemathi Teacher
30. Sri P. S. Supal
31. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—59

1. Sri Kalathil Abdulla
2. ,, C. T. Ahammed Ali
3. ,, A. P. Anil Kumar
4. ,, A. K. Antony
5. ,, N. D. Appachan
6. ,, K. Babu
7. ,, T. V. Chandramohan
8. ,, K. A. Chandran
9. ,, M. A. Chandrasekharan
10. ,, Dominic Presentation
11. ,, P. P. George
12. ,, Prayar Gopalakrishnan
13. ,, M. M. Hassan
14. ,, V. K. Ibrahim Kunju
15. ,, Ishaque Kurikkal
16. ,, T. M. Jacob
17. ,, K. C. Joseph
18. ,, Joseph M. Puthusseri
19. ,, P. J. Joy
20. ,, Varkala Kahar
21. ,, K. K. Nair
22. Dr. M. A. Kuttappan
23. Sri K. Kutty Ahammed Kutty
24. ,, Ludy Luiz
25. ,, C. Mammootty
26. ,, K. M. Mani

LIBRARY ARCHIVES Kerala Legislative Assembly

27. Sri K. Mohammedali
28. „ C. Moyinkutty
29. „ M. K. Muneer
30. „ M. Murali
31. Prof. A. D. Musthafa
32. Sri K. Narayana Kurup
33. „ Oommen Chandy
34. „ M. K. Paulson Master
35. „ V. J. Poulose
36. „ T. N. Prathapan
37. „ Thiruvanchoor Radhakrishnan
38. Smt. Radha Raghavan
39. Sri A. N. Rajan Babu
40. „ Thampanoor Ravi
41. „ Roshi Augustine
42. „ T.P.M. Sahir
43. „ N. Sakthan
44. „ K. Sankaranarayanan
45. Smt. Malethu Sarala Devi „
46. Sri V. D. Satheesan
47. Prof. Savithri Lekshmanan
48. Sri Shibu Baby John
49. „ Kadavoor Sivadasan
50. „ A. Sujanapal
51. „ N. Sundaran Nadar
52. Prof. K. V. Thomas
53. Sri P. T. Thomas
54. „ Thomas Chazhikadan
55. „ Thomas Unniyadan
56. „ Umesh Challiyil
57. „ M. A. Vaheed
58. „ K. C. Venugopal
59. „ K. P. Viswanathan

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കർ: അനുകൂലിക്കുന്നവർ — 31
പ്രതികൂലിക്കുന്നവർ — 59
നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.
ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതു പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബില്ല് നിയമമാക്കണം. ഇത് അവതരിപ്പിക്കണമെന്നുള്ള കാര്യത്തിൽ ഞങ്ങൾ തന്നെ യോജിച്ച ഒരു ബില്ലായിരുന്നു. ഇവിടെ വയനാട് ജില്ലയിലുണ്ടായ ഒരു പ്രത്യേക സാഹചര്യം മറികടക്കുന്നതിനുവേണ്ടിയിട്ടാണ് ഇത്തരത്തിൽ ഒരു ബില്ല് കൊണ്ടു വരാൻ നിർബന്ധിക്കപ്പെട്ടത്. ഇപ്പോൾ ഇത് പാസ്സാകുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കപ്പെടുമ്പോൾ വരാൻ പോകുന്ന ചില പ്രശ്നങ്ങളിലേക്കാണ് ഞങ്ങൾ ആദ്യം മുതൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ തന്നെ 10 മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണമുണ്ട്. സംസ്ഥാനം ഏറ്റെടുത്ത 10 ഇനം വൃക്ഷങ്ങൾ, ചന്ദനം, തേക്ക്, ഈട്ടി തുടങ്ങിയിട്ടുള്ള 10 വർഗ്ഗത്തിൽപ്പെട്ട മരങ്ങൾ മുറിക്കാൻ പാടില്ല. ഈ നിരോധിച്ച മരങ്ങൾ തന്നെ വ്യാപകമായിട്ട് മുറിച്ചുകൊണ്ടിരുന്ന ഒരു സ്ഥിതി നമ്മുടെ നാട്ടിലുണ്ട്. ചന്ദനക്കടത്ത് വളരെ വ്യാപകമായിട്ട് നടക്കുന്നു. ചന്ദനക്കടത്ത് സംബന്ധിച്ച ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ചൂരം കയറുന്ന സമയത്ത് പോകുന്നത് പോലെയല്ല ചൂരം ഇറങ്ങി വരുമ്പോഴുള്ള ആളുകളുടെ അവസ്ഥ. മലയാള മനോരമ പത്രത്തിൽ പറയുന്നു, ചൂരം കയറുന്ന സമയത്ത് ശരിയായി പോകുന്ന സ്ത്രീകൾ തിരിച്ചുവരുമ്പോൾ ഗർഭം ധരിച്ചതുപോലെയാണ് വരുന്നത്. ചന്ദനഗർഭം. ഇങ്ങനെയുള്ള സ്ഥിതി ഇപ്പോൾ തന്നെ നിരോധന മേഖലയിൽ നിലനിൽക്കുമ്പോൾ ഈ പറയുന്ന, വയനാട്ടിൽ ഇങ്ങനെ ഒരു സ്ഥിതി ഇളവ് ചെയ്തു കൊടുത്താൽ എങ്ങനെയാണ്? വരാൻ പോകുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് ഹൈക്കോടതി ഇതിൽ ഇടപ്പെട്ടത്.ഹൈക്കോടതിയിൽ കിട്ടിയ ഊമക്കത്താണ് ഇങ്ങനെയൊരു നടപടിക്ക് കാരണമായത്. പരിസ്ഥിതി സംരക്ഷണത്തിന്റെയുള്ളൊരു പ്രശ്നത്തിൽ നിന്നാണ് ഈ ബില്ലുണ്ടായിട്ടുള്ളത്. വ്യാപകമായ മരംമുറി അവിടെ വന്നപ്പോഴാണ് ഇത് വന്നത്. യഥാർത്ഥത്തിൽ നമ്മൾ ഇപ്പോൾ അവിടുത്തെ ചെറുകിട കൃഷിക്കാരെ സഹായിക്കണമെന്നുള്ളതാണ്. സ്വന്തം വീട്ടു പറമ്പിലുള്ള മരം മുറിച്ചെടുക്കാനുള്ള അവകാശം വയനാട്ടുകാർക്ക് മാത്രമായി കിട്ടാതായിപ്പോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ മറ്റ് ആളുകൾക്ക് കിട്ടുന്ന അവകാശം വയനാട് ജില്ലക്കാർക്ക് കൂടി കിട്ട ണമെന്ന സദുദ്ദേശമാണ് ഇതിനെ പിന്താങ്ങാൻ കാരണം. ഇതിന്റെ മറവിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയുള്ള ആൾക്കാർക്കും മരം മുറിക്കാൻ സാധിക്കുമെന്ന ഒരു സ്ഥിതി വരുമ്പോൾ ഇത് എവിടെപ്പോയി നിൽക്കും. ഇത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ, മൂന്നാം വായനയുടെ ഘട്ടത്തിൽ നമ്മൾ പരിശോധിക്കേണ്ടത് അതാണല്ലോ. ഇത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നം ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കുമോ? വയനാട് ജില്ലയിലും ഇടുക്കി ജില്ലയിലും നടക്കുന്ന വ്യാപകമായ വനംകൊള്ള സംബ ന്ധിച്ച് വിവരങ്ങൾ പുറത്ത് വന്ന സാഹചര്യത്തിൽ ഇതിനൊരു പ്രത്യേകമായ സംവി ധാനം വേണം. അവിടെ മുറിക്കുന്ന മരങ്ങൾ യഥാർത്ഥത്തിൽ വീട്ടുവളപ്പിൽ നിന്നു മുറിക്കുന്ന മരമാണെന്ന് ഉറപ്പു വരുത്തണം. അതിന്റെ മറവിൽ വനംകൊള്ള നടക്കാത്ത രീതിയിൽ ഇത് ഇംപ്ലിമെന്റ് ചെയ്യണം. ഈ മേഖലയിൽ വനം-പോലീസ്-റവന്യൂ ഉദ്യോഗസ്ഥൻമാർ ചേർന്ന് ഫലപ്രദമായി ഇടപെട്ടാൽ മാത്രമേ ഈ നിയമത്തിന് വിധേ യമായിട്ടാണ് അവിടെ മരങ്ങൾ മുറിക്കുന്നതെന്ന് ഉറപ്പു വരുത്താൻ നമുക്ക് സാധിക്കു കയുള്ളൂ. യഥാർത്ഥത്തിൽ വനം-പോലീസ്-റവന്യൂ ഉദ്യോഗസ്ഥൻമാരും വനം വെട്ടുകാരും രാഷ്ട്രീയ പാർട്ടികളിലുള്ള ഒരു വിഭാഗം ആൾക്കാരും ചേർന്നുകൊണ്ടുള്ള ഒരു ദൂഷിത വലയം ഈ വനം മേഖലയിൽ കടന്നു വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടക്കുന്ന വനംവെട്ട് സംസ്ഥാനത്ത് വളരെ വ്യാപകമാണ്. യഥാർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഉണ്ടായിരുന്ന നിയമം, വനംമുറി നിരോധിച്ചു കൊണ്ടുള്ള നിയമം, വനം മേഖലയിൽ വലിയ പ്രത്യേകതകൾ ഉണ്ടാക്കി. യഥാർത്ഥത്തിൽ ഇടതുപക്ഷമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തോൽക്കാൻ തന്നെയുണ്ടായ സാഹചര്യം ആ ബില്ലായിരുന്നു. വനം മേഖലയിൽ ഇതു സംബന്ധിച്ച് ഉണ്ടാകുന്ന ഇടപാട് വലിയ തോതിൽ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായിട്ട് അവിടെ കച്ചവടം നടക്കുന്നു. വ്യാപാരം, തൊഴിൽ ഇതെല്ലാമായി ബന്ധപ്പെട്ടു കിടക്കുന്ന ആളുകൾക്ക് ഈ മരം മുറിക്കാനും വയ്ക്കാനുമുള്ള സാഹചര്യം അവിടെ നിലനിൽക്കുന്നുണ്ട്. ഈ നിയമം ഇംപ്ലിമെന്റ് ചെയ്യുമ്പോൾ വരാൻ പോകുന്ന സാഹചര്യം കൂടി കണക്കിലെടുത്തു കൊണ്ട് ഗവൺമെന്റ് ഇടപെടുന്നില്ലെങ്കിൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകും. എന്തായാലും ആശങ്കയാണ് ഇവിടെ പറഞ്ഞത്. നിയമം ചർച്ചചെയ്യുന്ന സമയത്ത് വേറെ വഴികൾ നോക്കി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഏറ്റവും നല്ല ഫലപ്രദമായ ഭേദ ഗതികൾ എടുക്കുകയാണ് ബഹുമാന്യപ്പെട്ട മന്ത്രി ചെയ്യേണ്ടിയിരുന്നത്. അതു സംബ ന്ധിച്ച് ഒരു കാര്യമാണ് നേരത്തെ സൂചിപ്പിച്ചത്. അതിന് പിന്നെ ഞങ്ങളെല്ലാം അങ്ങി നെയാണ് ഇങ്ങിനെയാണ് എന്ന് പറയാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഉപയോഗി ച്ചത് ശരിയല്ല. നിയമനിർമ്മാണ പ്രക്രിയയിൽ മെമ്പർമാർ പല ഭേദഗതികളും കൊണ്ടു വരും. അതിൽ ഏറ്റവും നല്ല ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് നിയമം കുറ്റമറ്റതാക്കി മാറ്റാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടത്. ഇത് ഇംപ്ലിമെന്റ് ചെയ്യു മ്പോൾ ഉണ്ടാകുന്ന പ്രശ്നത്തിൽ വളരെ കരുതൽ വേണം. അല്ലെങ്കിൽ നമ്മുടെ വനം മുഴുവൻ പോകും. ഇപ്പോൾ നിലവിലുള്ള വനങ്ങൾ തന്നെ നമുക്ക് നഷ്ടപ്പെട്ടുപോകും. വനം സംരക്ഷിക്കുക എന്നതാണ് ഞങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിരുന്ന കാര്യം. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഭാഗത്ത് നിന്നു നടപ്പിലാക്കുന്ന ഘട്ടത്തിൽ, റൂൾ തയ്യാറാക്കുന്ന ഘട്ടത്തിൽ എല്ലാം തന്നെ കരുതലോടുകൂടി ഇടപെട്ടുകൊണ്ട് നിലവി ലുള്ള വനം സംരക്ഷിക്കാൻ കഴിയണം. അതേ സന്ദർഭത്തിൽ വീട്ടുവളപ്പിൽ ഒരാൾ

LIBRARY ARCHIVES Kerala Legislative Assembly

വച്ച മരം മുറിക്കുന്നതിന് മറ്റ് ജില്ലകളിലെല്ലാം മുറിക്കുന്നതുപോലുള്ള അവകാശം വയനാട് ജില്ലക്കാർക്കും കിട്ടത്തക്കവിധത്തിൽ നിയമം കൊണ്ടു വരുന്നതിന് ഞങ്ങൾ എതിരല്ല. അത്തരത്തിൽ ചെയ്യുന്നതിന് അനുകൂലമാണെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, ഇരുപത്തിയഞ്ചായിരത്തോളം ഏക്കർ വനഭൂമി കഴിഞ്ഞ ഏഴാം തീയതി പാസ്സാക്കിയ ബില്ലോടു കൂടി നഷ്ടപ്പെട്ടുവെന്ന് ഈ രാജ്യത്തുള്ള മുഴുവൻ പത്രങ്ങളും മാധ്യമങ്ങളുമൊക്കെ എഴുതിക്കഴിഞ്ഞു. ഇന്ന് ഇത് പാസ്സാക്കി കഴിയുമ്പോൾ പെട്ടെന്നു തന്നെ ചെറുകിട കൃഷിക്കാരുടെ, അവരുടെ മരം മുറിക്കുന്നതിനെ ഞങ്ങൾ എതിർക്കുകയില്ല. അത് പൂർണ്ണമായി ഞങ്ങൾ യോജിക്കുകയാണ്. പക്ഷെ ഇതിന്റെ മറവിൽ വയനാട് ജില്ലയിൽ വ്യാപകമായി, വയനാട് ജില്ലയിൽ മാത്രമല്ല, കേരളത്തിലുടനീളം വനം വെട്ടിപ്പോകുവാൻ ഇടവരും. ധാരാളമായി മരം മുറിക്കേണ്ടി വരും. ശ്രീ. സുജനപാൽ ചെയർമാനായിട്ടുള്ള നിയമസഭയുടെ ഒരു കമ്മിറ്റി ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ അവതരിപ്പിച്ച റിപ്പോർട്ടിൽ വളരെ വ്യക്തമായി .....

മി. സ്പീക്കർ: നിയമം ഇംപ്ലിമെന്റ് ചെയ്യുന്നതിനെപ്പറ്റി പറയൂ. മറ്റെല്ലാം പാസ്സാക്കിയതാണ്. അതിനെപ്പറ്റി പറയണ്ട.

ശ്രീ. കെ. വി. രാജേന്ദ്രൻ: ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കുവാൻ വേണ്ടി പറഞ്ഞതാണ്. ഇവിടെ ഒരു മുൻകരുതൽ എന്ന രീതിയിൽ നിയമസഭയിൽ ശ്രീ. സുജനപാലിന്റെ കമ്മിറ്റി അവതരിപ്പിച്ച റിപ്പോർട്ടിൽ വ്യാപകമായി ഈ നിയമങ്ങളും സംരക്ഷണവും ഇത്ര കർശനമായി വ്യവസ്ഥകൾ ഉണ്ടായിട്ടുകൂടി കേരളത്തിൽ വ്യാപകമായി ചന്ദനമരം മുറിച്ചു മാറ്റിയത്, കളവ് ചെയ്തു പോയതു സംബന്ധിച്ച് ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിച്ചതാണ്. ഇതു കൂടി വച്ചുകൊണ്ടാണ് പറഞ്ഞത് ഇംപ്ലിമെന്റേഷൻ രംഗത്ത്, റൂൾസ് ഉണ്ടാക്കുന്ന സമയത്ത് വേണം വകുപ്പുദ്യോഗസ്ഥൻമാർക്കു വേണ്ട മുൻകരുതൽ എടുക്കേണ്ട കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കേണ്ടത്. അതിനുവേണ്ട സമയമെടുത്തില്ലാ എങ്കിൽ ഇത് നേരത്തെ പറഞ്ഞത് ഒന്നു കൂടി പറയുകയാണ് അതിന്റെ ഗൗരവം ഉള്ളതുകൊണ്ടാണ് പറയുന്നത്. ഇത് പാസ്സാക്കുവാൻ കാത്തു നിൽക്കുകയാണ്. അതുണ്ടാകാതിരിക്കുവാനുള്ള മുൻകരുതൽ ഉണ്ടാകണം. ജിമ്മിന്റെ മറവിൽ ആയാലും ടൂറിസത്തിന്റെ മറവിൽ ആയാലും നമ്മുടെ വനം നഷ്ടപ്പെട്ടുപോകാൻ ഇടവരരുത്. വന സംരക്ഷണമെന്നത് നമ്മുടെ എല്ലാവരുടേയും ലക്ഷ്യമായിരിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അങ്ങ് ഈ നിയമം പാസ്സാക്കിയ ഈ ദിവസവും കഴിഞ്ഞ വ്യാഴാഴ്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവന്ന ഓർഡിനൻസ് പാസ്സാക്കപ്പെട്ടതും കേരള നിയമസഭയുടെ ചരിത്രത്തിൽ രണ്ടു കറുത്ത ദിനങ്ങളാണ്. 1980-ൽ കേന്ദ്ര വനം സംരക്ഷണ നിയമം കൊണ്ടു വരേണ്ട സാഹചര്യമുണ്ടായി. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 33 വർഷത്തിനുള്ളിൽ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വമ്പിച്ച തോതിൽ വനംകൊള്ള നടക്കുകയും നമ്മുടെ പ്രകൃതിയും പരിസ്ഥിതിയുമൊക്കെ അട്ടിമറിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് 1980-ൽ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വന സംരക്ഷണ നിയമം കൊണ്ടുവന്നത്. ആ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെ സ്പിരിറ്റും ആത്മാവുമെല്ലാം അട്ടിമറിക്കുന്ന രീതിയിലാണ് കഴിഞ്ഞ വ്യാഴാഴ്ച ഒരു നിയമം ഇവിടെ പാസ്സാക്കിയിരിക്കുന്നത്. അത് നടപ്പിലാക്കുമ്പോൾ എങ്കിലും ഇന്നും അതിന്റെ ദൂരവ്യാപകമായ ദോഷഫലങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കഴിയുന്നിടത്തോളം ഹാനികരമായി, ഇതിന്റെ വകുപ്പുകൾ ദുരുപയോഗപ്പെടുത്താത്ത രീതിയിൽ നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പട്ടയം കൊടുക്കുവാനും മറ്റും തീരുമാനിക്കുന്ന സന്ദർഭത്തിൽ വനഭൂമിയിൽ ഒരു കാരണവശാലും മരം മുറിക്കുവാൻ അനുവാദം കൊടുക്കുകയില്ല എന്ന ഉറപ്പ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര പരിസ്ഥിതി വകുപ്പിന് നൽകിയിരുന്നു. അങ്ങനെ ആ ഉറപ്പ് ലംഘിച്ചുകൊണ്ട് വിശ്വാസ വഞ്ചന നടത്തിക്കൊണ്ടാണ് ഇന്ന് ഈ നിയമം പാസ്സാക്കുന്നത്. ഉരുൾപൊട്ടൽ, പ്രകൃതിക്ഷോഭം അതുപോലെതന്നെ വൻതോതിലുള്ള പ്രകൃതിയുടെ ദുരന്തങ്ങൾ ഇടുക്കി പോലുള്ള ജില്ലകൾ പലപ്പോഴായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. വീണ്ടും ദുരന്തങ്ങളിലേയ്ക്ക് സംസ്ഥാനത്തേയും ജനങ്ങളേയും എത്തിക്കുന്ന രീതിയിലാണ് ഈ നിയമം ഒരു തരം ക്രൂര വിനോദം എന്നുള്ള നിലയിൽ ഗവൺമെന്റ് പാസ്സാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് വളരെ കരുതലോടുകൂടി ഈ വക കാര്യങ്ങൾ കണ്ടില്ലായെങ്കിൽ സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അപകടകരമായ സ്ഥിതി വിശേഷമുണ്ടാക്കുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ ബഹുമാനപ്പെട്ട മുൻ വനം വകുപ്പുമന്ത്രി പറഞ്ഞതുപോലെ അവ കറുത്ത ദിനങ്ങളല്ല. വയനാട്ടിലെ പാവപ്പെട്ട കൃഷിക്കാരുടെ കണ്ണീരൊപ്പുന്ന ഒരു നിയമനിർമ്മാണമാണ്. ഇതിൽ വയനാട് ജനങ്ങൾ സന്തോഷിക്കുന്നു. ഇതിനുവേണ്ടി അവർ കാത്തിരിക്കുകയാണ്. വാസ്തവം പറഞ്ഞാൽ ആ നിലയിൽ നിങ്ങൾ അതിനെ വ്യാഖ്യാനിക്കരുത്. നിയമം പാസ്സാക്കുമ്പോൾ അങ്ങനെ വ്യാഖ്യാനിക്കുവാൻ പാടില്ല. നിങ്ങൾക്കുപോലും മനസ്സിൽ സന്തോഷമുണ്ട്. ആ കൃഷിക്കാരുടെ അവസ്ഥ അറിയാവുന്ന ആൾക്കാരാണ് നിങ്ങൾ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എനിക്കറിയാം മനസ്സുകൊണ്ട് സന്തോഷിക്കുന്നുണ്ട്. പക്ഷേ പ്രതിപക്ഷമാണ് എന്തെങ്കിലും പറയണമല്ലോ .....(ബഹളം) ..... ഇത് പാസ്സായിക്കഴിഞ്ഞാൽ ഇംപ്ലിമെന്റേഷനിൽ ഒരു പ്രശ്നവുമില്ല. എന്താണ് പോകുന്നത്? 1986-ലെ മൂല നിയമമനുസരിച്ചുള്ള അവസ്ഥ പുനസ്ഥാപിക്കപ്പെടുന്നു. അല്ലാതെ വേറെ ഒന്നുമില്ല. അത് പുനസ്ഥാപിക്കപ്പെടുന്നു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ സംസാരത്തിലൊക്കെ ചെറിയ ഒരു തെറ്റിദ്ധാരണ വരുന്നുണ്ട്. ഈ മൂല നിയമത്തിൽ പരിധിയൊന്നുമില്ല. പത്തിനം ഒഴിച്ചുള്ള മരങ്ങൾ ഏത് പരിധിയിലും വെട്ടാം. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിൽ പരിധിയില്ല. പരിധിയുള്ളത് ചന്ദനം. അതായത് പത്തിനം മരങ്ങൾ വെട്ടാൻ പരിധിയുണ്ട്. അതുകൊണ്ട് ഇവിടെ പറഞ്ഞ് വെയ്ക്കേണ്ട കാര്യമില്ല. മൂലനിയമത്തിന്റെ സ്കീമനുസരിച്ച് അതിന് ഭേദഗതിയെന്നേയുള്ളൂ. ഇപ്പോൾ നാലാം വകുപ്പിനാണ് ഭേദഗതി. അതിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഭേദഗതിയാണ്. വനസമ്പത്ത് സംരക്ഷിക്കണമെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ നിലപാടാണ്. അതിൽ നിന്ന് ഒരിക്കലും ഞങ്ങൾ പുറകോട്ട് പോകാതെ വളരെ നിഷ്കർഷയോടുകൂടി കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വനസമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കുകയും പരിപാവിക്കുകയും ചെയ്യുക എന്നുള്ളത് ഗവൺമെന്റിന്റെ ധർമ്മമാണ്. തീർച്ചയായിട്ടും ആ തത്വത്തിൽ മുറുകെ പിടിച്ചുകൊണ്ട് വനസമ്പത്ത് നഷ്ടപ്പെടാതെ നോക്കും. പക്ഷേ ഈ നിയമംകൊണ്ട് ഒരു തടിപോലും ദുരുപയോഗപ്പെടുകയില്ല. കാരണം സ്വകാര്യ ഭൂമിയാണ്. വനഭൂമിയല്ല. ചന്ദനഗർഭമുണ്ടാകുന്നത് വനത്തിൽ വെച്ചാണ്. സ്വകാര്യ ഭൂമിയിൽ ചന്ദന ഗർഭമില്ല. ചന്ദനഗർഭമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. ഇത് സ്വകാര്യ ഭൂമിയിലെ സ്വകാര്യ കൃഷിക്കാർക്ക് സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കാമെന്നാണ്. അതു കൊണ്ട് ആടിനെ പട്ടിയാക്കരുത്. സ്വകാര്യ ഭൂമി, സ്വകാര്യ വ്യക്തി, സ്വകാര്യ തടി, സ്വകാര്യ തടിവെട്ടൽ അതിനൊക്കെയാണ് നിയമം. ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള വൃക്ഷ സംരക്ഷണ ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷനും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. തോമസ് ഐസക്: നിങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോട് ഞങ്ങൾ വളരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. അതിന് മൂന്നു കാരണങ്ങളുണ്ട്. ഒന്ന് ഇത്തരത്തിലുള്ള ഒരു ബില്ല് ആവശ്യമുണ്ടോ എന്നുള്ളതാണ്. ഇത് ഞാൻ പറയുന്നതല്ല, പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി അവിടെ അവതരിപ്പിച്ച Fiscal Responsibility and Budget Management ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന numerical ceilings സർക്കാരിന്റെ flexibility, പ്രവർത്തനത്തിന്റെ flexibility പൂർണ്ണമായി കളയുമെന്നും പാർലമെന്റിന്റെ വിവേചന അധികാരങ്ങളെ ചോദ്യം ചെയ്യുന്നുവെന്നും പറഞ്ഞുകൊണ്ട് ഈ വ്യവസ്ഥകൾ മാറ്റാനാണ് പാർലമെന്റിൽ ഇപ്പോൾ ഈ ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അനാവശ്യമാണെന്ന്. രണ്ടാമത് ഇത് അപ്രായോഗികം. ഈ വർഷത്തെ അനുഭവം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്കുണ്ട്. ഭാവിയിലും ഇതുതന്നെയാണ് സംഭവിക്കാൻ പോകുന്നതെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മൂന്നാമതായി, ഇത് നടപ്പിലാക്കുവാൻ കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly